# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1515.

10.02.2020- ൽ മറുപടിയ്ക്ക്

### പ്രളയാനന്തരം നടത്തിയ കാർഷിക മുന്നൊരുക്ക പ്രവർത്തനങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.ഡി. പ്രസേനൻ | | ശ്രീ. വി. എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) | ആലത്തൂർ നിയോജകമണ്ഡലത്തിൽ പ്രളയാനന്തരം കൃഷി പുനരാരംഭിക്കുന്നതിന് കൃഷി ഭവനുകൾ വഴി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | ആലത്തൂർ നിയോജക മണ്ഡലത്തിന്റെ കീഴിൽ വരുന്ന 3 പഞ്ചായത്തുകളിലെ കൃഷിഭവനുകളിൽ പാടശേഖരസമിതികളുടെ യോഗം ചേർന്ന് നശിച്ചുപോയ തോടുകൾ, വരമ്പുകൾ എന്നിവയുടെ കണക്കുകൾ എടുക്കുകയും, അതുപ്രകാരം തൊഴിലുറപ്പുമായി ബന്ധപ്പെട്ട് ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി വരമ്പു നന്നാക്കി കൊടുക്കുകയും, തോടിന്റെ അരികിൽ ചാക്കുകൾ അടുക്കി ജലസേചന യോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കനാലുകളിൽ അടിഞ്ഞ് കൂടിയിരുന്ന മണ്ണ് നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ആലത്തൂർ മണ്ഡലത്തിൽ പ്രളയാനന്തരം കൃഷി എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കിയ കാർഷിക മുന്നൊരുക്ക പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ? | (ബി) | മുന്നൊരുക്ക പ്രവർത്തനങ്ങൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.